23 ജനറൽ ആശുപത്രി, തലശ്ശേരി

24 ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

25 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നീലേശ്വരം

26 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, സുൽത്താൻബത്തേരി

27 ജനറൽ ആശുപത്രി, കൽപ്പറ്റ

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് ലഭ്യമാക്കി ഡയാലിസിസ് യൂണിറ്റുകൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതാണ്.

(സി) ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്ക് ആശുപത്രിയിൽ മാത്രമാണ് ഡയാലിസിസ് സൗകര്യമുള്ളത്. (തൊടുപുഴ താലൂക്ക് ആശുപത്രി ഇപ്പോൾ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്).

ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

51 (2325) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലാണ് ഡോക്ടർമാരുടെ കുറവുള്ളതെന്നും അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും പറയാമോ;

(ബി) ഇവിടെ നേത്ര രോഗ വിഭാഗം എല്ലാ ദിവസവും പ്രവർത്തിച്ചിരുന്നതാണെങ്കിലും ഇപ്പോൾ മൂന്നു ദിവസമാക്കാൻ കാരണമെന്തെന്നും പറയാമോ; എല്ലാ ദിവസവും ഈ വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ദന്തൽ ഡോക്ടർമാരുടെ ലിസ്റ്റിൽ നിന്നും ചേർത്തല താലൂക്ക് ആശുപത്രിയിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കുറവുള്ള ഡോക്ടർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് സൂപ്രണ്ട്	- 1
ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)	- 1
കൺസൾട്ടന്റ് (അനസ്തേഷ്യ)	- 1
കൺസൾട്ടന്റ് (പീഡിയാട്രിക്സ്)	- 1
കൺസൾട്ടന്റ് (ഓർത്തോപീഡിയാട്രിക്സ്)	- 1
ജൂനിയർ കൺസൾട്ടന്റ് (ദന്തൽ)	- 1

അനസ്തേഷ്യ ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൺസൾട്ടന്റ് പോസ്റ്റിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനും ജൂനിയർ കൺസൾട്ടന്റ് പോസ്റ്റിലെ ഒഴിവുകൾ ജനറൽ കേഡറിലെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ നേത്രരോഗവിഭാഗത്തിൽ ഒരു തസ്തികയാണുള്ളത്. ആ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. സി.എച്ച്.സി. മുഹമ്മയിൽ നിന്നും ആഴ്ചയിൽ മൂന്ന് ദിവസം വർക്കിംഗ് അറേഞ്ച്മെന്റിൽ നേത്രരോഗ വിദഗ്ധനെ നിയോഗിച്ചിട്ടുണ്ട്. ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചേർത്തല താലൂക്കാശുപത്രിയിൽ ദന്തൽ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലാണ് ഒഴിവുള്ളത്. 2014-ൽ ഓപ്ഷൻ നൽകിയ സ്പെഷ്യാലിറ്റി കേഡറിലെ എല്ലാ മെഡിക്കൽ അസിസ്റ്റന്റ് ദന്തൽ സർജന്മാർക്കും നിയമനം നൽകിയിട്ടുണ്ട്. 2015-ൽ യോഗ്യത നേടിയ അസിസ്റ്റന്റ് ദന്തൽ സർജന്മാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തിക നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

GPM. 2/236/2020-19